# പതിനാലാം കേരള നിയമസഭ

എട്ടാം സമ്മേളനം

ചട്ടം 300 അനുസരിച്ച് മുഖ്യമന്ത്രി
ശ്രീ. പിണറായി വിജയൻ 2017 നവംബർ 9 ന് സഭയിൽ
നടത്തിയ പ്രസ്താവന

സോളാർ തട്ടിപ്പ് സംബന്ധിച്ച് എൽ.ഡി.എഫ് നിയമസഭയ്ക്ക് അകത്തും പുറത്തും നടത്തിയ ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ 29.10.2013-ലെ എസ്.ആർ.ഒ നം 863/2013 വിജ്ഞാപനത്തിലൂടെ ഉത്തരവായ ജസ്റ്റിസ് (റിട്ട.) ജി. ശിവരാജൻ, കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 1952 ലെ കമ്മീഷൻ ഓഫ് എൻക്വയറി ആക്ടിലെ സെക്ഷൻ 3 (4) പ്രകാരം റിപ്പോർട്ടും അതിന്മേൽ സ്വീകരിച്ച നടപടികളും സംബന്ധിച്ച റിപ്പോർട്ട് സഹിതം ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.

സംസ്ഥാനത്ത് ഏറെ ചർച്ച ചെയ്യപ്പെട്ട സോളാർ തട്ടിപ്പ് കേസും അതിൽ രാഷ്ട്രീയ-ഉദ്യോഗസ്ഥ-ഭരണ നേതൃത്വത്തിലുള്ളവരുടെ കുറ്റകരമായ പങ്കും അന്വേഷിക്കുന്നതിന് 28.10.2013-നാണ് മുൻ സർക്കാർ ജസ്റ്റിസ് (റിട്ട.) ജി. ശിവരാജനെ അന്വേഷണ കമ്മീഷനായി നിയോഗിച്ചത്. കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് പ്രകാരമുള്ള അന്വേഷണം പുരോഗമിക്കുന്നതോടൊപ്പം കമ്മീഷൻ കണ്ടെത്തിയ ചില വസ്തുതകളുടെ വെളിച്ചത്തിൽ പരിഗണനാ വിഷയങ്ങൾ സ്പഷ്ടമാക്കിക്കൊണ്ട് 07.11.2014 ന് കമ്മീഷൻ ഉത്തരവായിട്ടുണ്ട്.

നാലുവർഷത്തെ തെളിവെടുപ്പിലൂടെ 214 സാക്ഷികളെ വിസ്തരിക്കുകയും 812 രേഖകൾ കമ്മീഷൻ പരിശോധിക്കുകയും ചെയ്തു. നാല് വോള്യത്തിലായി 1073 പേജുകളാണ് 26.09.2017-ന് സർക്കാരിന് സമർപ്പിച്ച കമ്മീഷൻ റിപ്പോർട്ടിൽ ഉള്ളത്.

## റിപ്പോർട്ടിന്റെ ഉള്ളടക്കം

റിപ്പോർട്ടിന്റെ ഒന്നാം ഭാഗം ആമുഖവും ഗസറ്റ് വിജ്ഞാപനവും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകളും നിയമസഭാ ചർച്ചകൾക്കും പുറമെ ടേംസ് ഓഫ്

റഫറൻസിന്റെ പരിധിയിൽ ഉൾപ്പെടുന്ന ആക്ഷേപങ്ങളും നിഗമനങ്ങളും ഉൾപ്പെടുന്നതാണ്. അതോടൊപ്പം, ചില ശിപാർശകളും ഉണ്ട്. രണ്ടാം ഭാഗം കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽപ്പെടുന്ന സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ഇടപാടുകളും സംബന്ധിച്ചാണ്. മൂന്നാം ഭാഗം രണ്ടു മുതൽ ആറുവരെയുള്ള ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളുടെ പരിശോധനയും കണ്ടെത്തലുകളും ശിപാർശകളുമടങ്ങുന്നതാണ്. നാലാം ഭാഗം കേരളാ പോലീസ് അസോസിയേഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ചും അതിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചുമുള്ളതാണ്.

## സർക്കാർ സ്വീകരിച്ച സമീപനം

ഈ അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ ചില പ്രധാന ശിപാർശകളും കണ്ടെത്തലുകളും സഭയ്ക്കു മുമ്പാകെ പ്രതിപാദിക്കേണ്ടതുണ്ട്. അത് അറിയാനുള്ള അവകാശം നിയമസഭയ്ക്കുണ്ട്. 1952 ലെ കമ്മീഷൻ ഓഫ് എൻക്വയറി ആക്ടിലെ സെക്ഷൻ 3 (4) കമ്മീഷൻ റിപ്പോർട്ടും അതിന്മേൽ സ്വീകരിച്ച നടപടികളും സഹിതം ആറുമാസത്തിനകം നിയമസഭയ്ക്ക് മുമ്പിൽ വയ്ക്കണമെന്ന് അനുശാസിക്കുന്നുണ്ട്. എന്നാൽ, 26.09.2017 ന് റിപ്പോർട്ട് കിട്ടി ഒരു മാസം മാത്രമാണ് പിന്നിട്ടത്.

ഇതിനിടയിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് വിവരാവകാശ നിയമപ്രകാരവും അല്ലാതെയും പ്രതിപക്ഷ നേതാക്കളുടേതടക്കമുള്ളവരുടെ നിരവധി അപേക്ഷകൾ സർക്കാരിന് ലഭിക്കുകയുണ്ടായി. ഇക്കാര്യം കൂടി കണക്കിലെടുത്തുകൊണ്ടാണ് ഈ ചുരുങ്ങിയ കാലത്തിനിടയിൽ തന്നെ റിപ്പോർട്ട് നിയമസഭ മുമ്പാകെ സമർപ്പിക്കണമെന്ന് തീരുമാനിച്ചത്. ഇത്രയും ചുരുങ്ങിയ കാലത്തിനിടയിൽ ഒരു അന്വേഷണ കമ്മീഷൻ റിപ്പോർട്ട് നിയമസഭയിൽ അവതരിപ്പിക്കുന്നത് നിയമസഭാ ചരിത്രത്തിൽ ഒരുപക്ഷെ ആദ്യമായിരിക്കും. പൊതുജന താൽപ്പര്യം കൂടി കണക്കിലെടുത്തുകൊണ്ടാണ് അനുവദിച്ച സമയപരിധി കാത്തുനിൽക്കാതെ റിപ്പോർട്ട് സഭയിൽ വച്ച് ഒരു പരസ്യ രേഖയാക്കാൻ സർക്കാർ തീരുമാനിച്ചത്.

26.09.2017-നാണ് സർക്കാരിനു മുമ്പാകെ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചത്. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അഡ്വക്കേറ്റ് ജനറലിന്റെയും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെയും ഉപദേശം തേടിയശേഷം 11.10.2017ൽ ചേർന്ന മന്ത്രിസഭായോഗം റിപ്പോർട്ടിലെ കണ്ടെത്തലുകളും ശിപാർശകളും പൊതുവിൽ അംഗീകരിക്കുകയുണ്ടായി.

മന്ത്രിസഭാ യോഗം കൈക്കൊണ്ട തീരുമാനങ്ങൾ പ്രകാരം ഉത്തരവു പുറപ്പെടുവിക്കുന്നതിനു മുമ്പ് ഇക്കാര്യത്തിൽ ജുഡീഷ്യൽ പശ്ചാത്തലമുള്ള ഒരു നിയമജ്ഞന്റെ കൂടി ഉപദേശം തേടുന്നത് സഹായകമാകുമെന്ന കാര്യം കണക്കിലെടുത്ത്, റിപ്പോർട്ടിന്മേൽ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന തീരുമാന ങ്ങളിന്മേൽ സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റിസ് അരിജിത് പസായ ത്തിന്റെ നിയമോപദേശം തേടാൻ 19.10.2017ന് ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചിരുന്നു. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചശേഷം അദ്ദേഹം നൽകിയ നിയമോപദേശം സർക്കാരിന് ലഭിച്ചിട്ടുണ്ട്. സർക്കാരിന് ലഭിച്ച മൂന്ന് നിയമോപദേശങ്ങളുടെയും കമ്മീഷന്റെ കണ്ടെത്തലുകളുടെയും ശിപാർശകളുടേയും അടിസ്ഥാനത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരി ക്കാവുന്നതാണ് എന്ന് 08.11.2017 ലെ മന്ത്രിസഭാ യോഗം തീരുമാനിക്കു കയും അതു പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തി ട്ടുണ്ട്.

## കമ്മീഷന്റെ ശിപാർശകളും കണ്ടെത്തലുകളും

കമ്മീഷൻ റിപ്പോർട്ടിന്റെ ശിപാർശകളേയും കണ്ടെത്തലുകളേയും കുറിച്ച് പ്രതിപാദിക്കുന്നതിനു മുമ്പ് കമ്മീഷൻ റിപ്പോർട്ടിന്റെ ആമുഖ ഖണ്ഡിക യിൽ സൂചിപ്പിച്ച കാര്യം പ്രസക്തമാണ്.

*"സോളാർ തട്ടിപ്പ് സംബന്ധിച്ച് എൽ.ഡി.എഫ് നിയമസഭയ്ക്ക് അകത്തും പുറത്തും നടത്തിയ ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ 29.10.2013-ലെ എസ്.ആർ.ഒ നം. 863/2013 വിജ്ഞാപനത്തിലൂടെ ഉത്തരവായ പ്രകാരമുള്ള ടേംസ് ഓഫ് റഫറൻസിലെ*

*ആറ് ഇനങ്ങളിന്മേലാണ് സോളാർ അന്വേഷണ കമ്മീഷൻ ഈ റിപ്പോർട്ട് തയ്യാറാക്കി സംസ്ഥാന സർക്കാരിന് സമർപ്പിക്കുന്നത്.''*

ഈ അന്വേഷണ കമ്മീഷൻ റിപ്പോർട്ടിൽ നടത്തിയ സുപ്രധാനമായ ചില ശിപാർശകളും കണ്ടെത്തലുകളും സഭയ്ക്കു മുമ്പാകെ അവതരിപ്പിക്കേണ്ടത് ഇതു സംബന്ധിച്ച് വസ്തുതകൾ മനസ്സിലാക്കുന്നതിന് സഹായകമായിരിക്കും.

മുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടിയും അദ്ദേഹം വഴി അദ്ദേഹത്തിന്റെ പേഴ്സണൽ സ്റ്റാഫ് ടെന്നി ജോപ്പൻ, ജിക്കുമോൻ ജേക്കബ്, ഗൺമാൻ സലിം രാജ് കൂടാതെ ഡൽഹിയിലെ അദ്ദേഹത്തിന്റെ സഹായി മുതലായ എല്ലാപേരും ടീം സോളാർ പ്രതി സരിതാ എസ് നായർക്കും അവരുടെ കമ്പനിക്കും അവരുടെ ഉപഭോക്താക്കളെ വഞ്ചിക്കുവാൻ കഴിയത്തക്കവിധം സഹായിച്ചിട്ടുണ്ടെന്ന് കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്. അന്നത്തെ ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ അദ്ദേഹത്തിന്റെ കീഴിലുള്ള പോലീസ് ഉദ്യോഗസ്ഥർ മുഖേന മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയെ ക്രിമിനൽ ബാധ്യതയിൽ നിന്നും വിടുവിക്കുന്നത് ഉറപ്പുവരുത്തിയെന്നും കൂടി കമ്മീഷൻ കണ്ടെത്തുന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് എതിരായി നടത്തിയിട്ടുള്ള മറ്റ് ആരോപണങ്ങൾ ഉറപ്പാക്കുന്നതിന് യാതൊരു തെളിവും ഇല്ലാത്തതാണ്.

ഊർജ്ജ വകുപ്പ് മന്ത്രി ശ്രീ.ആര്യാടൻ മുഹമ്മദിന്റെ പങ്ക് കമ്മീഷൻ പരിശോധിച്ചു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുടെ സംഗതിയിൽ എന്ന പോലെ, അദ്ദേഹം ടീം സോളാർ കമ്പനിയെ ഏതൊക്കെ രീതിയിൽ സഹായിക്കാമായിരുന്നുവോ ആ രീതിയിലൊക്കെ സഹായിച്ചിട്ടുള്ളതായി കമ്മീഷൻ കണ്ടെത്തുന്നു.

മുഖ്യമന്ത്രിയെ ക്രിമിനൽ ബാധ്യതയിൽ നിന്നും ഒഴിവാക്കുന്നതിന് സംശയാസ്പദമായ രീതികളിലൂടെ പ്രത്യേക അന്വേഷണ സംഘം ധാരാളം ആയാസപ്പെട്ടതായി കമ്മീഷൻ കണ്ടെത്തുന്നു. സി.ഡി.ആറുകളും രേഖയിലുള്ള മറ്റ് തെളിവുകളും പരാമർശിച്ചുകൊണ്ട് സോളാർ കേസുകളുടെ

അന്വേഷണത്തിൽ മറ്റുള്ള ചില മന്ത്രിമാർ, സർക്കാർ ഉദ്യോഗസ്ഥർ, കേന്ദ്ര മന്ത്രി, ചില നിയമസഭാംഗങ്ങൾ, ചില പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ ഇടപെടലുകളിലേക്ക് ആഴത്തിലുള്ള അന്വേഷണം പ്രത്യേക അന്വേഷണ സംഘം നടത്തിയിട്ടില്ല എന്ന് കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്.

ടീം സോളാർ കമ്പനിയുടെ പരിപാടികൾ ഉത്ഘാടനം ചെയ്ത മന്ത്രി മാരും, തങ്ങളുടെ നിയോജകമണ്ഡലങ്ങളിൽ സരിത.എസ്.നായരുടെ ടീം സോളാർ കമ്പനിക്ക് സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും അവരുടെ ക്രിമിനൽ കേസുകൾ രാജി ആക്കുന്നതിനും ശിപാർശ ചെയ്ത എം.എൽ.എമാരും, മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയെ രക്ഷിക്കുന്നതിനായി മുൻ എം.എൽ.എ ശ്രീ.തമ്പാനൂർ രവി, ശ്രീ ബെന്നി ബഹനാൻ എം.എൽ.എ തുടങ്ങിയവരും പ്രവർത്തിച്ചു എന്ന് കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്.

19.07.2013-ലെ സരിത.എസ്.നായരുടെ കത്തിൽ സൂചിപ്പിച്ചിട്ടുള്ള ആളു കൾക്ക് സരിതയും അവരുടെ അഭിഭാഷകനും ആയി ഫോൺ മുഖാന്തിരം നിരന്തര ബന്ധമുണ്ടായിരുന്നുവെന്ന് തെളിവിന്റെ അടിസ്ഥാനത്തിൽ കമ്മീ ഷൻ കണ്ടെത്തി.

കമ്മീഷന് മുമ്പാകെ ഹാജരാക്കപ്പെട്ട തെളിവിന്റെ അടിസ്ഥാനത്തിൽ അഴിമതിയും, നിയമവിരുദ്ധമായ പ്രതിഫലം പറ്റലും ആരോപിക്കപ്പെട്ട എല്ലാ വ്യക്തികൾക്കും എതിരായി അഴിമതി തടയൽ നിയമത്തിലെ വ്യവസ്ഥകൾ ബാധകമാണോ എന്ന കാര്യം സംസ്ഥാന സർക്കാർ ഗൗരവമായി പരിഗണി ക്കണമെന്ന് കമ്മീഷൻ ശിപാർശ ചെയ്യുന്നു.

പോലീസ് സേനയിലെ അച്ചടക്കം ഉയർത്തിപ്പിടിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന്റെ തുടർ അന്വേഷണം അത്യാവശ്യമാണെന്നും കമ്മീ ഷൻ കണ്ടെത്തുന്നു. കേരള പോലീസ് അസോസിയേഷൻ സെക്രട്ടറി ശ്രീ. ജി.ആർ അജിത്തിന്റെ ഭാഗത്തുനിന്ന് അച്ചടക്കരാഹിത്യമുണ്ടായെന്നും അതിനാൽ വകുപ്പുതല നടപടിയെടുക്കണമെന്നും കമ്മീഷൻ നിർദ്ദേശി ക്കുന്നു. അദ്ദേഹത്തിന്റെ കാര്യത്തിലും പി.സി ആക്റ്റിലെ വ്യവസ്ഥകൾ

ബാധകമാകുമോ എന്ന കാര്യം പരിശോധിക്കേണ്ടതാണെന്ന് കമ്മീഷൻ ശിപാർശ ചെയ്യുന്നു.

കുറ്റവാളികളെയും വിചാരണ തടവുകാരേയും കോടതികൾ മുൻപാകെ ഹാജരാക്കുന്നതിന് ജയിൽ അധികാരികളും ബന്ധപ്പെട്ട പോലീസ് വകുപ്പും ഉചിത നടപടികൾ സ്വീകരിക്കുന്നില്ലെന്ന് കമ്മീഷൻ മനസ്സിലാക്കുന്നു. ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ടിട്ടുള്ള സോളാർ തട്ടിപ്പ് പ്രതി ബിജു രാധാകൃഷ്ണന്റെ കാര്യത്തിൽ, അയാൾ ജയിൽ ചാടുമെന്ന ഇന്റലിജൻസ് റിപ്പോർട്ടുകൾ ഉണ്ടായിരുന്നിട്ടും, സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിവിധ കോടതികളിൽ തീവണ്ടി മുഖേനയോ ബസ് മുഖേനയോ ഹാജരാക്കിയത് വെറും രണ്ട് സിവിൽ പോലീസ് ഉദ്യോഗസ്ഥർ മാത്രമാണ്. ഇക്കാര്യത്തിൽ അത്തരം തടവുകാരുടെ സംഗതിയിൽ കർശന നടപടികളാണ് അത്യാവശ്യമായിട്ടുള്ളത്. ജയിൽ അധികാരികളും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരും അകമ്പടിക്കുള്ള പോലീസിനെ നിയോഗിക്കേണ്ടത് ആവശ്യമാണ്.

സെക്രട്ടേറിയറ്റിലെ സുരക്ഷാ ആവശ്യത്തിലേക്കായി സ്ഥാപിച്ച സി.സി.ടി.വിയിലെ വിഷ്വലുകൾ ഏറ്റവും കുറഞ്ഞത് ഒരു വർഷത്തേക്കുള്ള ഒരു കാലാവധിയിലേക്ക് നിലനിർത്തുന്നതിനോ അല്ലെങ്കിൽ അവ സൂക്ഷിക്കുന്നതിനോ ഉചിതമായി നടപടി സ്വീകരിക്കേണ്ടതാണ്.

എം.എൻ.ആർ.ഇ(കേന്ദ്ര നവീന അക്ഷയ ഊർജ്ജ മന്ത്രാലയം) യുടെ നോഡൽ ഏജൻസി ആയി നിയമിച്ചിട്ടുള്ള അനർട്ടിനെ ഉചിതമായി ഉടച്ചുവാർക്കേണ്ടതും അതുവഴി സൗരോർജ്ജത്തിന്റെ ഉൽപാദനത്തിനും വിതരണത്തിനും വികസനത്തിനുമായി കേന്ദ്രസർക്കാർ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുള്ള നടപടി പ്രോത്സാഹിപ്പിക്കുവാൻ കഴിയേണ്ടതുമാണ്.

## സർക്കാർ കൈക്കൊണ്ട തീരുമാനങ്ങൾ

i. മേൽപറഞ്ഞ ശിപാർശകൾ കണക്കിലെടുത്തുകൊണ്ട് ചില സുപ്രധാനമായ തീരുമാനങ്ങൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

ii. ശ്രീമതി സരിതയിൽ നിന്നും അവരുടെ ടീം സോളാർ കമ്പനിയിൽ നിന്നും രാഷ്ട്രീയ-ഉദ്യോഗസ്ഥ-ഭരണതലപ്പത്തുള്ളവരും അവരുടെ

സ്റ്റാഫ് അംഗങ്ങളും അവരുമായി ബന്ധപ്പെട്ടുള്ളവരും വലിയ തുകകൾ കൈക്കൂലിയായി വാങ്ങിയതായും സോളാർ കമ്പനിയുടെ ഉപഭോക്താക്കളെ വഞ്ചിക്കുന്നതിനായി സഹായിച്ചിട്ടുള്ളതായും റിപ്പോർട്ടിൽ നിന്നും വെളിവാകുന്നു. ആയതിനെപ്പറ്റി ക്രിമിനൽ നടപടി സംഹിത, അഴിമതി നിരോധന നിയമം, ഇന്ത്യൻ ശിക്ഷാ നിയമം, മറ്റു ബാധകമായ നിയമങ്ങൾ എന്നിവ അനുശാസിക്കുന്ന രീതിയിൽ അന്വേഷണം നടത്തും.

iii. സോളാർ തട്ടിപ്പ് അന്വേഷണം നടത്തുന്നതിനായി നിയമിക്കപ്പെട്ട പ്രത്യേക അന്വേഷണ സംഘം രാഷ്ട്രീയ-ഉദ്യോഗസ്ഥ ഭരണ നേതൃത്വത്തിലുള്ളവരെ സോളാർ ഇടപാടുമായി ബന്ധപ്പെട്ട ക്രിമിനൽ കുറ്റങ്ങളിൽ നിന്ന് രക്ഷപ്പെടുത്താൻ കുത്സിത ശ്രമങ്ങൾ നടത്തിയതായി റിപ്പോർട്ടിൽ നിന്നും വെളിവാകുന്നു. കൂടാതെ, പ്രത്യേക അന്വേഷണ സംഘം, സംസ്ഥാന മന്ത്രിമാർ, സർക്കാർ ഉദ്യോഗസ്ഥർ, കേന്ദ്രമന്ത്രി, ചില എം.എൽ.എമാർ, സോളാർ കേസുകൾ അന്വേഷിച്ച പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ കുറ്റകരമായ പങ്കിനെ സംബന്ധിച്ച് സി.ഡി.ആറും തെളിവുകളും ബന്ധപ്പെട്ട മറ്റ് രേഖകളും പരിശോധിച്ചിട്ടില്ലെന്ന കാര്യവും കമ്മീഷൻ റിപ്പോർട്ടിൽ നിന്നും വെളിവായിട്ടുണ്ട്. അന്നത്തെ ഒരു സംസ്ഥാന മന്ത്രിയും, പ്രത്യേക അന്വേഷണ സംഘം അന്വേഷണം ഏറ്റെടുക്കുന്നതിനു മുൻപ് സോളാർ കുറ്റകൃത്യം അന്വേഷണം നടത്തിയ ഉദ്യോഗസ്ഥരും ആ സമയത്ത് അന്വേഷണ മേൽനോട്ടം നടത്തിയ ഉദ്യോഗസ്ഥരും അന്വേഷണം അട്ടിമറിക്കാനും തെളിവ് നശിപ്പിക്കാനും ശ്രമങ്ങൾ നടത്തിയതായി അന്വേഷണ റിപ്പോർട്ടിൽ നിന്നും വെളിവാകുന്നു. മുൻ എം.എൽ.എമാർ അടക്കമുള്ളവർ അന്നത്തെ ഭരണ നേതൃത്വത്തിലുള്ളവരെ രക്ഷപ്പെടുത്താൻ വേണ്ടി സോളാർ കേസുകൾ ഒത്തുതീർപ്പാക്കാൻ പ്രവർത്തിച്ചതായി കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്. ആയതിനെപ്പറ്റി ക്രിമിനൽ നടപടി സംഹിത, ഇന്ത്യൻ ശിക്ഷാ നിയമം, മറ്റു ബാധകമായ നിയമങ്ങൾ എന്നിവ അനുശാസിക്കുന്ന രീതിയിൽ അന്വേഷണം നടത്തുന്നതാണ്.

iv. സോളാർ കുറ്റകൃത്യങ്ങളിലെ ആരോപണ വിധേയരായ വ്യക്തികളിൽ ഒരാളുടെ 19.07.2013 ലെ കത്തിൽ പരാമർശിച്ചിട്ടുള്ളവർ ആ വ്യക്തിയുമായും ആ വ്യക്തിയുടെ അഡ്വക്കേറ്റുമായും ഫോണിൽ നിരന്തരം ബന്ധപ്പെട്ടതായി റിപ്പോർട്ടിൽ നിന്നും വെളിവാകുന്നു. ആയത് സോളാർ കേസ് അന്വേഷണം അട്ടിമറിക്കുന്നതിനു വേണ്ടിയാണോ എന്ന് അന്വേഷണം നടത്തുന്നതാണ്.

v. സോളാർ കുറ്റകൃത്യങ്ങളിലെ ആരോപണ വിധേയരായ വ്യക്തികളിൽ ഒരാൾക്കെതിരെ ലൈംഗിക കുറ്റകൃത്യങ്ങൾ നടന്നതായി കമ്മീഷൻ മുൻപാകെ ഹാജരാക്കപ്പെട്ട തെളിവുകളിൽ നിന്നും വെളിവാകുന്നു. ആ വ്യക്തിയുടെ 19.07.2013 ലെ കത്തിൽ പരാമർശിക്കപ്പെട്ട വിഷയങ്ങളിൽ ക്രിമിനൽ നടപടി ചട്ടം, ഇന്ത്യൻ ശിക്ഷാ നിയമം, മറ്റു ബാധകമായ നിയമങ്ങൾ എന്നിവ അനുശാസിക്കുന്ന രീതിയിൽ അന്വേഷണം നടത്തുന്നതാണ്.

vi. കമ്മീഷൻ, ആ കാലഘട്ടത്തിലെ കേരള പോലീസ് അസോസിയേഷന്റെ സെക്രട്ടറിയായിരുന്ന പോലീസ് ഉദ്യോഗസ്ഥനെതിരെ അച്ചടക്ക രാഹിത്യത്തിന് ശക്തമായ നടപടി ശിപാർശ ചെയ്തിട്ടുണ്ട്. ഈ കേസിൽ അഴിമതി നിരോധന നിയമം ഉപയോഗിക്കാനാകുമോ എന്ന കാര്യം പരിഗണിക്കണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥനെതിരെ വകുപ്പ് തലത്തിൽ അന്വേഷണം നടത്തി അച്ചടക്ക രാഹിത്യം നടത്തിയോ എന്ന് പരിശോധിച്ച് വകുപ്പ് തല നടപടികൾ സ്വീകരിക്കുന്നതാണ്. ആ ഉദ്യോഗസ്ഥനെതിരെ ഉയർന്നിട്ടുള്ള ആരോപണങ്ങളെ സംബന്ധിച്ച് ക്രിമിനൽ നടപടി സംഹിത, ഇന്ത്യൻ ശിക്ഷാ നിയമം, അഴിമതി നിരോധന നിയമം, മറ്റു ബാധകമായ നിയമങ്ങൾ എന്നിവ അനുശാസിക്കുന്ന രീതിയിൽ അന്വേഷണം നടത്തുന്നതാണ്.

vii. പോലീസ് സേനയുടെ അച്ചടക്കം ഉയർത്തിപ്പിടിക്കാൻ ആവശ്യമായ നിർദ്ദേശങ്ങളും സെക്രട്ടേറിയറ്റിന്റെ സുരക്ഷയും സംബന്ധിച്ച് സി.സി. ടി.വി ദൃശ്യങ്ങളുടെ സംരക്ഷണം സംബന്ധിച്ചും അനെർട്ടിന്റെ പ്രവർത്തന-വിപുലീകരണ സാധ്യതകൾ സംബന്ധിച്ചുമുള്ള നിർദ്ദേശ

ങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ തീരുമാനങ്ങൾ മന്ത്രിസഭ കൈക്കൊണ്ടിട്ടുണ്ട്.

viii. കൈക്കൂലിപ്പണം സ്വീകരിച്ചത് കൂടാതെ അനർഹമായ ആനുകൂല്യങ്ങൾ നല്കുന്നതിലേക്കായി സോളാർ കേസിലെ ആരോപണവിധേയരിൽ ഒരാളിൽ നിന്നും അധികാര സ്ഥാനത്തിലുള്ള വർ ലൈംഗിക സംതൃപ്തി നേടിയതിനെക്കുറിച്ചും അന്വേഷണ കമ്മീഷൻ റിപ്പോർട്ടിൽ നിന്നും വെളിവാകുന്നു. ഇത് അഴിമതി തടയൽ നിയമത്തിൽ പറയുന്ന **'നിയമവിരുദ്ധമായ പാരിതോഷികം'** എന്ന തിന്റെ പരിധിയിൽ വരുമെന്ന് കമ്മീഷൻ ചൂണ്ടിക്കാണിക്കുന്നു. കമ്മീഷൻ മുമ്പാകെ ഹാജരാക്കുകയും ലഭ്യമാക്കുകയും ചെയ്ത തെളിവുകളുടെ അടിസ്ഥാനത്തിൽ അഴിമതി നടത്തുകയും നിയമവിരു ദ്ധമായ പാരിതോഷികങ്ങൾ സ്വീകരിക്കുകയും ചെയ്തതായി ആരോപിതരായ വ്യക്തികൾക്കെതിരെ അഴിമതി നിരോധന നിയമപ്രകാരമുള്ള കുറ്റങ്ങൾ ചുമത്താൻ സാധിക്കുമോയെന്ന് ഗൗരവമായി സംസ്ഥാന സർക്കാർ പരിഗണിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. അഴിമതി നടത്തിയതായി കമ്മീഷൻ ചൂണ്ടിക്കാട്ടിയ എല്ലാവരുടേയും പേരിൽ അഴിമതി നിരോധന നിയമപ്ര കാരമടക്കമുള്ള കുറ്റങ്ങൾക്ക് അന്വേഷണം നടത്തുന്നതാണ്.

ix. ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ അന്വേഷണ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനെ തുടർന്ന് പുതിയ പരാതികളോ പുതിയ രേഖകളോ തെളിവുകളോ ലഭിക്കുന്ന പക്ഷം അവ കൂടി അന്വേഷിക്കുന്നതാണ്. മേൽ പറഞ്ഞ അന്വേഷണങ്ങളിൽ പുതിയ കുറ്റകൃത്യങ്ങൾ വെളിവാകുന്നുവെങ്കിൽ അതും അന്വേഷിക്കുന്നതാണ്.

മേൽപ്പറഞ്ഞ അന്വേഷണങ്ങൾ നടത്തുന്നതിനായി ശ്രീ. രജേഷ് ദിവാൻ, ഡി.ജി.പി തലവനായി പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചു ഉത്തരവായിട്ടുണ്ട്.

അതോടൊപ്പം, മുൻ സർക്കാർ നിയമിച്ച പ്രത്യേക അന്വേഷണ സംഘം പിരിച്ചു വിട്ടുകൊണ്ടും ഉത്തരവായിട്ടുണ്ട്. സോളാർ തട്ടിപ്പുമായി

ബന്ധപ്പെട്ട് ഇപ്പോൾ വിവിധ കോടതികളിലുള്ള കേസുകളിന്മേൽ നിയമാനുസൃതം തുടർ നടപടി സ്വീകരിക്കുന്നത് പുതുതായി രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘമായിരിക്കും. ഇതിനു പുറമെ, കമ്മീഷനും നിയമോപദേശകരും പറഞ്ഞ രീതിയിൽ പോലീസ്, ജയിൽ വകുപ്പുകളിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി റിട്ട. ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ അധ്യക്ഷനായി മൂന്നംഗ കമ്മീഷനെ നിയമിക്കാനും തീരുമാനിച്ചിട്ടുണ്ട്.

നീതി എല്ലാവർക്കും ഒരുപോലെ ലഭ്യമാകണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. അതിനാലാണ് വ്യക്തമായ നിയമോപദേശം തേടിയശേഷം മാത്രം കമ്മീഷൻ റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സ്വീകരിച്ചാൽ മതിയെന്ന നിലപാട് സർക്കാർ സ്വീകരിച്ചത്. നീതി എല്ലാവർക്കും ലഭ്യമാകുക എന്ന നിലപാടായിരിക്കും തുടർന്ന് ഇക്കാര്യത്തിലും സർക്കാർ സ്വീകരിക്കുക എന്ന് സഭയ്ക്ക് ഉറപ്പു നൽകുന്നു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2017 നവംബർ 9.

വി.കെ.ബാബുപ്രകാശ്,
സെക്രട്ടറി.